## പതിമൂന്നാം കേരള നിയമ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 638

10.03.2015-ൽ മറുപടിക്ക്

## സ്റ്റാർട്ട് അപ് പോളിസി

ചോദ്യം

ശ്രീ.അൻവർ സാദത്ത് ;
ശ്രീ.എ.റ്റി.ജോർജ്ജ്;
ശ്രീ.കെ.മുരളീധരൻ;
ശ്രീ.സണ്ണി ജോസഫ് :

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) | ഉണ്ട് |
| (ബി) | നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയം. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട് അപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ഗവണ്മെൻറ് ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ തന്നെ നൂതന കമ്പനികളുടെ നമ്പർ വൺ മേഖലയായി മാറുവാനും |

| | | | |
|---|---|---|---|
| | | | ലോകത്തിലെ 5 പ്രധാന സ്റ്റാർട്ട് അപ്പ് സമൂഹത്തിൽ ഒന്നാകുകയും ചെയ്യുവാൻ വേണ്ട പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിന്റെ വിശദാംശങ്ങൾ കേരള ഗവൺമെന്റ്, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ, ഐ.ടി.അറ്റ് കേരള, ടെക്നോപാർക്ക് ടെക്നോളജി ബിസ്സിനസ്സ് ഇന്ക്യുബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജന അഭിപ്രായത്തെ അടിസ്ഥാനമാക്കി നയത്തിന്റെ അന്തിമ രൂപം തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഇതിന്റെ കരട് രൂപം തയ്യാറാക്കിയി ട്ടുണ്ടോഎന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉടൻ തന്നെ അന്തിമ രൂപം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ